ആർ ഒആർ (1)/90010/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി, 16/05/2019

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം -- ദേശീയ ദുരന്ത നിവാരണ അതോറിറ്റി - സ്കൂൾ സുരക്ഷാ പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ / കർമ്മ പദ്ധതി - സംബന്ധിച്ച്

സൂചന :- 1) സർക്കാർ കത്ത് നമ്പർ 1786667/എം(1)/2017/പൊ.വി തീയതി, 10/05/2018

2) ഇതേ നമ്പർ സർക്കുലർ തീയതി, 22/02/2018, 17/05/2018

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ സ്കൂൾ സുരക്ഷാ പദ്ധതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ആലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സൂചന(2) പ്രകാരം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു.

ഈ അദ്ധ്യയന വർഷം (2019-20) സ്കൂളുകൾ തുറക്കുന്ന വേളയിൽ പതിവു പോലെ മൺസൂൺ മഴക്കാലവും ആരംഭിക്കുന്നതാണ് എന്ന കാര്യം പ്രത്യേകം ഓർക്കുക. ഈ സാഹചര്യത്തിൽ സ്കൂൾ കുട്ടികളുടെയും, അദ്ധ്യാപകരുടെയും, മറ്റ് ജീവനക്കാരുടെയും സുരക്ഷ മുൻ നിർത്തി ദേശീയ ദുരന്ത നിവാരണ അതോറിറ്റി / ദുരന്ത നിവാരണ വകുപ്പ് നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ സ്കൂളുകളിലും / ഓഫീസുകളിലും നടപ്പാക്കിയിട്ടുണ്ടെന്ന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും (ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ) ഉറപ്പു വരുത്തേണ്ടതാണ്.

സ്കൂൾ സുരക്ഷാ പദ്ധതി പ്രകാരം ചുവടെ പറയുന്ന നിർദ്ദേശങ്ങൾ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും, കുട്ടികളുടെയും ജീവനക്കാരുടെയും സുരക്ഷയ്ക്കായി പാലിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു.

1. ഓരോ അധ്യയന വർഷവും സ്കൂളുകൾ തുറക്കുന്നതിന് മുൻപ് സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ പൂർത്തിയാക്കി, എൻജിനീയർ പരിശോധിച്ച് ഉറപ്പുവരുത്തി ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് വാങ്ങി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് (ഡി.ഇ.ഒ/എ.ഇ.ഒ) നൽകേണ്ടതാണെന്ന നിർദ്ദേശം KER ചട്ടപ്രകാരം നിലവിലുണ്ട്.
2. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും സ്കൂളുകളുടെ കെട്ടിടങ്ങൾ (സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകൾ) ജീർണ്ണാവസ്ഥയിലുള്ളതോ, ഭാഗികമായി നിലനിൽക്കുന്നതോ, പണിപൂർത്തിയാകാതെ നിർത്തിവച്ചിരിക്കുന്നതോ ആയ അവസ്ഥയിലാണെങ്കിൽ ബന്ധപ്പെട്ട എൻജിനീയറിംഗ് വിഭാഗത്തിന്റെ/സ്ഥാപനത്തിന്റെ അനുമതി അടിയന്തിരമായി വാങ്ങിയ ശേഷം, അവരുടെ നിർദ്ദേശപ്രകാരമുള്ള

തുടർനടപടികൾ (സുരക്ഷാ ക്രമീകരണങ്ങൾ) പ്രഥമാധ്യാപകർ/വിദ്യാഭ്യാസ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

3. ഈ അധ്യയന വർഷം സ്കൂൾ തുറക്കുന്നതിന് മുൻപ് സ്കൂൾ കെട്ടിടങ്ങളുടെ പരിസരത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളും മറ്റും മുറിച്ച് മാറ്റുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

4. അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ സ്കൂളുകൾ സന്ദർശിച്ച് കുട്ടികളുടെ സുരക്ഷ സംബന്ധമായ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. സ്കൂളിനോട് ചേർന്ന് അപകടാവസ്ഥയിലുള്ള വൈദ്യുത പോസ്റ്റുകൾ, വൈദ്യുത കണക്ഷനുകൾ എന്നിവ പരിശോധിക്കുന്നതിനും, അപകടാവസ്ഥ പരിഹരിക്കുന്നതിനും ബന്ധപ്പെട്ട KSEB ഓഫീസിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

6. സ്കൂൾ കോമ്പൗണ്ടിലും, പരിസരങ്ങളിലുമുള്ള വെള്ളക്കെട്ടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവ അപകട രഹിതമെന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സ്കൂൾ മതിലുകളുടെ ബലം ഉറപ്പു വരുത്തേണ്ടതാണ്.

7. കുട്ടികളെ സ്കൂളിലേയ്ക്ക് വിളിച്ചു കൊണ്ടു വരുന്നതിനും തിരികെ വീട്ടിൽ എത്തിക്കുന്നതിനും സ്കൂൾ അധികൃതർ ഒരുക്കിയിരിക്കുന്ന വാഹനങ്ങളുടെ ഫിറ്റ്നസ് ബന്ധപ്പെട്ടവരിൽ നിന്നും വാങ്ങേണ്ടതാണ്.

8. വേണ്ടത്ര പരിചയം ഇല്ലാത്തവരും, അംഗവൈകല്യം ഉള്ളവരും, കാഴ്ച/കേഴ്‌വി കുറവുള്ളവരും, അനാരോഗ്യവാന്മാരും സ്കൂൾ വാഹനത്തിന്റെ ഡ്രൈവർ/ക്ലീനർ ആയി ജോലി ചെയ്യുന്നില്ലായെന്ന് പ്രഥമാധ്യാപകരും വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്. സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി ആർ.റ്റി.ഒ യുടെ നേതൃത്വത്തിൽ ഡ്രൈവർമാരുടെ ഒരു യോഗം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ വിളിച്ചു ചേർക്കേണ്ടതാണ്.

9. വിദ്യാഭ്യാസ ഓഫീസർ (DDE/DEO/AEO) വിളിച്ചു ചേർക്കുന്ന പ്രഥമാധ്യാപകരുടെ മീറ്റിംഗുകളിൽ സ്കൂൾ സുരക്ഷ സംബന്ധിച്ച അവലോകനം നടത്തേണ്ടതാണ്. സ്കൂൾ പരിസരത്തും, കോമ്പൗണ്ടിലുമുള്ള കാടുകൾ വെട്ടിത്തെളിക്കേണ്ടതും പരിസരം ശുചീകരിക്കേണ്ടതുമാണ്.

10. ശക്തമായ മഴ മറ്റ് പ്രകൃതി ക്ഷോഭങ്ങൾ എന്നിവ കാരണം ജില്ലാകളക്ടർ സ്കൂളുകൾക്ക് അവധി പ്രഖ്യാപിക്കുമ്പോൾ, അവധി പ്രഖ്യാപിച്ചതറിയാതെ സ്കൂളുകളിൽ എത്തിചേരുന്ന കുട്ടികളുടെ സുരക്ഷ പ്രഥമാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, അധ്യപകരുടെയും

പി.ടി.എ യുടെയും സഹായത്തോടെ കുട്ടികളെ സുരക്ഷിതരായി വീടുകളിൽ തിരികെ എത്തിക്കേണ്ടതാണ്. ടി സ്കൂൾ കിണറുകൾ, ടാങ്കുകൾ, എന്നിവ ക്ലോറിനേഷൻ നടത്തേണ്ടതും, ആയത് വൃത്തിയാക്കേണ്ടതും, ഇതിനായി എൽ.എസ്.ജി, ആരോഗ്യവകുപ്പ് എന്നിവരുടെ സഹായം തേടേണ്ടതുമാണ്. കൂടാതെ എല്ലാ വെള്ളിയാഴ്ചകളിലും സ്കൂളുകളിൽ ഡ്രൈ-ഡേ ആചരിക്കേണ്ടതാണ്.

സ്കൂളുകളുടെയും, കുട്ടികളുടെയും, ജീവനക്കാരുടെയും സുരക്ഷയ്ക്കായി അഗ്നി സുരക്ഷാ ഉപകരണങ്ങൾ സജ്ജീകരിക്കേണ്ടതും ഫയർ ആന്റ് റെസ്ക്യൂ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ആദ്യദിനം തന്നെ ഉച്ചഭക്ഷണം നൽകേണ്ടതിനാൽ സ്റ്റോർ റൂം നേരത്തെ തന്നെ തുറന്ന് ശുചീകരണം നടത്തേണ്ടതും, ഭക്ഷണം പാകം ചെയ്ത് വിളമ്പുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും പാചകത്തൊഴിലാളിയെ കൊണ്ട് ചെയ്യിപ്പിക്കേണ്ടതുമാണ്.

നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുള്ള എല്ലാ ഓഫീസർമാരും ജില്ലാ ഭരണ കേന്ദ്രം /കളക്ടറേറ്റ് / ജില്ലാ ദുരന്ത നിവാരണ സമിതി ഓഫീസുമായി നിരന്തരം ബന്ധപ്പെടുകയും, ലഭ്യമാകുന്ന സന്ദേശങ്ങൾ /നിർദ്ദേശങ്ങൾ സ്കൂളുകൾക്കും ബന്ധപ്പെട്ട മറ്റുള്ളവർക്കും നൽകേണ്ടതുമാണ്.

കേന്ദ്ര ഗവൺമെന്റിന്റെ അമൃത് (AMRUT) പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്തിട്ടുള്ള ചുവടെ പറയുന്ന നഗരങ്ങളിലെ എല്ലാ വിദ്യാലയങ്ങളിലും ദുരന്ത നിവാരണം എന്ന വിഷയത്തെ അധികരിച്ച് മോക് ഡ്രില്ലുകളും, പ്രദർശനങ്ങളും നടത്തുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും, ജില്ലാ ഭരണകൂടവുമായി ആലോചിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| 1) തിരുവനന്തപുരം | 6) തൃശ്ശൂർ |
| 2) കൊല്ലം | 7) പാലക്കാട് |
| 3) ആലപ്പുഴ | 8) കോഴിക്കോട് |
| 4) കൊച്ചി | 9) കണ്ണൂർ |
| 5) ഗുരുവായൂർ | |

സ്കൂൾ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന കർമ്മ പദ്ധതികൾ സംബന്ധിച്ചും, നാളിതു വരെയുള്ള ദുരന്ത ലഘൂകരണ നടപടികൾ സംബന്ധിച്ചും തയ്യാറാക്കിയ ത്രൈമാസ (മെയ്-31 അവസാനിക്കുന്നത്) റിപ്പോർട്ട് ഡി.ഡി.ഇ / ഡി.ഇ.ഒ തലത്തിൽ ക്രോഡീകരിച്ച് അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

അടുത്ത അധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് സ്കൂളുകൾ വിദ്യാഭ്യാസ ഓഫീസർമാർ സന്ദർശിച്ച് കുട്ടികളുടെ സുരക്ഷ സംബന്ധിച്ച ക്രമീകരണങ്ങൾ വിലയിരുത്തുകയും പ്രസ്തുത വിവരം 20/5/2019 ന് 2 മണിക്ക് മുമ്പായി ഈ കാര്യാലയത്തിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്)**

പകർപ്പ് :-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ നോഡൽ ഓഫീസർമാർക്കും
4. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
5. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, RMSA
6. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, SSA

} എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂൾ പ്രഥമാധ്യാപകർക്കും തുടർനടപടികൾക്ക് വേണ്ടി നിർദ്ദേശം നൽകുക

7. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ KITE, പൂജപ്പുര

} പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും, ഐ.ടി സ്കൂളിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾക്കായി.